## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3351 — 24-06-2013 ൽ മറുപടിക്ക്

### എക്സൈസ് വകുപ്പിലെ ലഹരി വിരുദ്ധ പരിപാടികൾ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എ. എ. അസീസ് | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) എന്തൊക്കെ ലഹരി വിരുദ്ധ പരിപാടികളാണ് എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) മദ്യ / ലഹരി വിരുദ്ധ പ്രവർത്തനത്തിന്റെ ഭാഗമായി, ശക്തമായ ബോധവൽക്കരണ പരിപാടികൾ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി, വിവിധ സന്നദ്ധ സംഘടനകളുടെയും, SPC, NSS, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനു കൾ എന്നിവയുടെയും സഹകരണത്തോടെ, ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കൂടാതെ എഫ്.എം. റേഡിയോ, ടി.വി., സി.സി.ടി.വി. മാധ്യമങ്ങൾ, മാസികകൾ എന്നിവ വഴിയുള്ള പരസ്യം, തെരുവ് നാടകം, സെമിനാർ, ബോധവൽക്കരണ ക്ലാസ്, പോസ്റ്റർ പ്രദർശനം, കൂട്ടയോട്ടം, മാജിക്ഷോ തുടങ്ങിയ പരിപാടികൾ നടപ്പിലാക്കി വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ, കോളേജ് തലത്തിൽ N.S.S. മുഖേനയും ശക്തമായ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. KSRTC ബസ്സുകളുടെ സൈഡ് പാനലുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പോസ്റ്റർ പതിച്ച് പ്രചരണം നടത്തിയിട്ടുണ്ട്. |
| (ബി) ഇതിനായി ഈ സാമ്പത്തിക വർഷം എത്ര രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) 2013-14 സാമ്പത്തിക വർഷത്തിൽ, "2039-00-001-95 മദ്യാസക്തിക്കെതിരെ പ്രചാരണം" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപ വിനിയോഗിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ